# NEW AL WUROOD INTERNATIONAL SCHOOL, JEDDAH, K.S.A

**Affiliated to CBSE – New Delhi, Affiliation No. 5730008**

**FIRST TERM EXAMINATION-June 2022-23**

**WORKSHEET 1**

**GRADE: 7**

**SUBJECT: Malayalam**

---

1 താഴെ കൊടുത്തിരിക്കുന്ന പാഠഭാഗം വായിച്ചു ചുവടെ തന്നിരിക്കുന്ന ചോദ്യങ്ങൾക്കു ഉത്തരം എഴുതുക .

ഭാരതത്തിൻറെ തെക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു സംസ്ഥാനമാണ് കേരളം . ഓരോ സംസ്ഥാനക്കാർക്കും അവരുടേതായ മാതൃഭാഷ ഉണ്ട് . കേരളത്തിലെ ജനങ്ങൾ സംസാരിക്കുന്ന ഭാഷയാണ് മലയാളം . എല്ലാ ഭാഷകളും എണ്ണമറ്റ സാഹിത്യ ഗ്രന്ഥങ്ങളാൽ സമ്പുഷ്ടമാണ്. നോവൽ , കവിത, ഉപന്യാസം ,നാടകം, ചരിത്രം തുടങ്ങി നിരവധി ശാഖകൾ സാഹിത്യത്തിലുണ്ട് . ഇവരിൽ കവിതയെഴുതുന്നവരെ കവികൾ എന്ന് പറയുന്നു.. അതിൽ തന്നെ മഹത്തായ കവിതകൾ സൃഷ്ടിക്കുന്നവരെ മഹാകവികൾ എന്ന് സംബോധന ചെയ്തു ആദരിക്കുന്നു. മലയാള ഭാഷ മഹത്തായ കവിതകൾ കൊണ്ട് സമ്പന്നമാണ്. ആശാൻ ,ഉള്ളൂർ, വള്ളത്തോൾ, ഇടശ്ശേരി , ചങ്ങമ്പുഴ, വൈലോപ്പിള്ളി , തുടങ്ങി നിരവധി മഹാന്മാരായ കവികൾ നമുക്കുണ്ട്. ഇതിൽ ആദ്യത്തെ മൂന്ന് പേരെ നാം ആധുനിക കവിത്രയത്തിൽ ഉൾപ്പെടുത്തുന്നു. എന്നാൽ നൂറ്റാണ്ടുകൾക്കു മുൻപ് ജീവിച്ചിരുന്ന മൂന്ന് മഹാരഥന്മാരായ കവികളാണ് ചെറുശേരിയും ,കുഞ്ചൻ നമ്പ്യാരും ,എഴുത്തച്ഛനും . ക്രിസ്തുവർഷം പതിനഞ്ചാം ശതകത്തിലാണ് ചെറുശ്ശേരി ജീവിച്ചിരുന്നത് . ചെറുശ്ശേരി എന്നത് അദ്ദേഹത്തിന്റെ ഇല്ലപ്പേരായാണ് കരുതുന്നത്. കൊല്ലത്തു നാട്ടിലെ ഉദയവർമ്മ രാജാവിൻറെ സദസ്യനായിരുന്നു ചെറുശ്ശേരി . മലയാളസാഹിത്യത്തിൽ ആദ്യത്തെ കൃഷ്ണ ചരിതമഹാകാവ്യം രചിച്ചു ചിരപ്രതിഷ്ഠ നേടിയ കവിയാണ് ചെറുശ്ശേരി . അതിമനോഹരമായ ഒരു ഗാനമഹാകാവ്യമാണ് 'കൃഷ്ണപ്പാട്ടെന്നും' , 'കൃഷ്ണഗാഥയെന്നും അറിയപ്പെടുന്ന ഈ മഹാകാവ്യം . അത്യന്തം ലളിതവും ,സരസവുമായി എഴുതിയിരിക്കുന്ന ഈ കാവ്യം പണ്ഡിതന്മാരെയും പാമരന്മാരെയും ഒരുപോലെ ആനന്ദിപ്പിക്കുന്ന മഹാകാവ്യമാണ് .

1. സാഹിത്യത്തിലെ രണ്ടു സാഹിത്യ സാഹിത്യ ശാഖകളുടെ പേരെഴുതുക ?
2. കൃഷ്ണപ്പാട്ടിന്റെ മറ്റൊരു പേരെന്ത്?
3. ആധുനിക കവിത്രയത്തിലെ കവികൾ ആരെല്ലാം?
4. ഇന്ത്യയുടെ തെക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന സംസ്ഥാനം ഏതു?
5. ചെറുശ്ശേരി എന്നത് എന്തിനെ സൂചിപ്പിക്കുന്നു ?

II. നിങ്ങളുടെ സുഹൃത്ത് അർദ്ധ വാർഷിക പരീക്ഷയിൽ ഉന്നത വിജയം നേടിയതിൽ അഭിനന്ദിച്ചു കൊണ്ട് ഒരു കത്തെഴുതുക .

III. ‘വിദ്യാധനം സർവ്വധനാൽ പ്രധാനം ‘വിഷയത്തെ അടിസ്ഥാനമാക്കി ഒരു ലഘു ഉപന്യാസം തയ്യാറാക്കുക .

************************************